Vol. 03
Issue No. 12
DECEMBER 2015

# PARISH BULLETIN

## ST. THOMAS ORTHODOX CATHEDRAL - DUBAI

# Merry Christmas

for private circulation only

P.O. Box : 2563, Dubai - UAE Tel : 04-337 1122, Fax : 04-335 2252 Email : stthomas@emirates.net.ae
www.stthomascathedraldubai.org



**Fr. Lany Chacko**
Asst. Vicar

The meaning of Christmas is "love", pure and simple! Unconditional love motivated God the Father to give His Only Begotten Son, Jesus Christ to us as our Savior. Jesus Christ did not come into this world to receive, but to give! Indeed, Christ gave His all for us. He gave up His Heavenly Home to be born as a helpless infant. He, Whose Throne of Glory in Heaven cannot be described, gave it up, living in poverty without a roof over His head. He gave of Himself in healing infirmities. He shared His infinite knowledge in His Holy Teachings. He then gave His life on the Cross for our salvation. Jesus Christ was not born into this world to give us material and perishable gifts. His gifts are love, forgiveness, and salvation.

God, in his incomprehensible and infinite love, has made His presence known to us throughout our entire lives, in times of joy and in the time of sorrow. God becomes one of us in Christ. He becomes our Brother sharing our sorrows, our weaknesses, our temptations, our suffering, and our death. Jesus comes to stand beside us as Emmanuel (God with us). He is with us in trouble- to see us through; in sorrow to brush away the tears; when we fall- to raise us up; in weakness- to make us strong; and in death- to make us confident. How near, how approachable, how inescapable, every day, everywhere with ordinary people. We've received a Christmas gift that can never be surpassed, it is ever renewing, ever present, and will always remain new and perfect throughout eternity. God does not discriminate as we do, He is always with us!! We have His promise of His continued presence: "And lo, I am with you always, even to the end of the age."

As Orthodox Christian we prepare ourselves for this great Feast of Birth Of Christ with Fasting. Like other fasting periods, the Nativity Fast prepares us spiritually and physically to celebrate the Incarnation of the Word. We refrain from Certain food items as a symbolic way of purifying our hearts from all passions and inclinations towards sin. We empty our human appetites to welcome the One who alone can satisfy all our hunger and thirst. This stands in contrast to the whirlwind of activity in our secular society, which focuses on getting, spending, eating, drinking, and partying. The Nativity Fast helps us keep our focus on the real "reason for the season:" the arrival on Earth of God Himself, in the flesh. Let us hold fast to this spiritual discipline and faithfully keep our eyes focused on the true reason for our Christmas celebration: the Word became flesh and dwelt among us. It should make us think, and should bring us down to the realities of human life. In other words, we should better understand the importance and unique value of our Christian identity. We should not overlook the fact that this time is an opportunity to renew our faith and our relationship with Christ. We are invited to renew our devotion to Christ, to prayer and fasting, to voluntary poverty and frugality, to charity and simplicity of life, to honour and humility.

Thus the annual feast of Christmas isn't about an "anniversary" celebration; it's about entering into the search again, even more deeply. We may see God in a child, a friend or stranger, the flight of a graceful bird, the colors of a beautiful sunset, but these are all just part of the story. Jesus' birth, life, ministry, death and resurrection are part of the story. These are all signs that the search for God is like a golden thread in human history interwoven into the tapestry of God's creation.

May our thoughts, words and deeds

become ways to carry out His will. We are to engage in the opening of our heart, mind, soul and body to the presence of the Holy Spirit as it takes effort to integrate the thoughts and feelings to become temples of His Holy Spirit. Let us therefore open up the depths of our soul to receive Christ. Let us close our ears to the sirens of wickedness and sin, and with humility and obedience. Let wait upon Him, that He may grant us His joy and peace and rekindle our dwindled hopes. Let us begin a new life, with Christ the Savior as its Lord and Guide, Whose Nativity Christians throughout the world anticipate with gladness and sacred joy. To Him be glory and dominion and boundless mercy for ever. Amen.

May God Bless Us All

## പ. മോറാൻ മാർ ബസ്സേലിയോസ് ഔഗേൻ I (1884-1975)

വെങ്ങോല തിരുത്തി ചേട്ടാകുളത്തുംകര അബ്രഹാം കശ്ശീശാ - അന്നമ്മ ദമ്പതിമാരുടെ പുത്രൻ. ജനനം 26-6-1884, ആദ്യനാമം മത്തായി.കോനോട്ട് മാത്തൻ മല്പാൻ സുറിയാനിയിൽ ഗുരു. കോട്ടയം എം.ഡി.യിലും സിറിയായിലും ഉപരിപഠനം. കടവിൽ പൗലോസ് മാർ അത്താനാസ്യോസിൽ നിന്ന് ശെമ്മാശുപട്ടം. 1908-ൽ യരുശലേമിലെ ഔഗേൻ ദയറായിൽ വച്ച് അബ്ദുള്ള ബാവായിൽ നിന്ന് ഔഗേൻ എന്ന പേരിൽ റമ്പാൻ. കോട്ടയം ചെറിയപള്ളിയിൽ വച്ച് സ്ലീബാ ഒസ്താത്തിയോസ് കശ്ശീശപട്ടം നൽകി. 1927 മെയ് 15-ന് യരുശലേമിലെ മാർക്കോസിന്റെ ദയറായിൽ വച്ച് ഏലിയാസ് തൃതീയൻ, തീമോത്തിയോസ് എന്ന പേരിൽ കണ്ടനാടിന്റെ മെത്രാപ്പോലീത്തയായി വാഴിച്ച് നിയമിച്ചു. കോടനാട് സിയോൺ ആശ്രമം, വടകര ഹൈസ്കൂൾ, പിറവം സെമിനാരി മിഡിൽ സ്കൂൾ, കോലഞ്ചേരി ഹൈസ്കൂൾ, എന്നിവ സ്ഥാപിച്ചു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്ന സമാധാനശ്രമങ്ങൾ വിഫലമായതിനെ തുടർന്ന് 1942 ലെ കണ്ടനാട് ഭദ്രാസന യോഗ തീരുമാനപ്രകാരം കാതോലിക്കേറ്റിൽ ചേർന്നു. അക്കാലത്താണ് പിറവത്തുവെച്ച് അദ്ദേഹം ശാരീരികമായി മർദ്ദനം ഏറ്റത്. വൈദിക സെമിനാരി പ്രിൻസിപ്പൽ, കണ്ടനാട്-തുമ്പമൺ ഭദ്രാസനാധിപൻ എന്നീ നിലകളിൽ പ്രവർത്തിച്ച അദ്ദേഹമാണ് മൂവാറ്റുപുഴ അരമനയുടെ സ്ഥാപകൻ. വിശ്വാസസത്യങ്ങൾ, മരണാന്തരാവസ്ഥ, സുന്നഹദോസുകൾ, പരമയാഗം, ആണ്ടടക്കമുള്ള ഹുത്തോമ്മാ എന്നീ കൃതികൾ രചിച്ചിട്ടുണ്ട്. മൂറോൻ കൂദാശ, വിവിധ പട്ടം കൊടകൾ, പള്ളിക്കൂദാശ, ഹൂത്തോമ്മാ, മൂന്നു നോമ്പിലേയും വലിയ നോമ്പിലേയും പെങ്കീസാ നമസ്കാരങ്ങൾ എന്നിവയുടെ വിവർത്തകൻ, മാർ ഗീവറുഗീസ് സഹദാ, മാർത്തോമ്മാ, പ. പരുമല തിരുമേനി എന്നിവരുടെ പെരുന്നാൾ പെങ്കീസാ നമസ്കാരത്തിന്റെ രചയിതാവ് തുടങ്ങിയ നിലകളിൽ മലങ്കരയുടെ ആരാധനാ സാഹിത്യത്തിന് മികച്ച സംഭാവനകൾ നല്കി. മാത്തൻ മല്പാൻ രചിച്ച പുതിയ നിയമ പരിഭാഷ ഇദ്ദേഹം പ്രസിദ്ധീകരണയോഗ്യമാക്കി.

1985-ലെ സഭാസമാധാനത്തിന് ശേഷം യോജിച്ച കണ്ടനാടിന്റെ സീനിയർ മെത്രാപ്പോലീത്തയായി. 1962 മെയ് 17ന് തെരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്ന 1964 മെയ് 22 ന് കോട്ടയം ഏലിയാ കത്തീഡ്രലിൽ വച്ച് യോജിച്ച സഭയുടെ കാതോലിക്കാ ആയി യാക്കോബ് തൃതീയൻ പാത്രിയർക്കീസിന്റെ നേതൃത്വത്തിൽ സുന്നഹദോസ് സ്ഥാനാരോഹണം നടത്തി. 1965-ൽ എത്യോപ്യൻ ചക്രവർത്തി ഹെയ്‌ലി സെലാസി അഡിസ് അബാബയിൽ വിളിച്ചുകൂട്ടിയ ദേശിയ സഭാതലവന്മാരുടെ ഓറിയന്റൽ ഓർത്തഡോക്സ് സഭാ സിനഡിൽ ഇന്ത്യൻ ദേശീയസഭ

യുടെ തലവൻ എന്ന നിലയിൽ പങ്കെടുത്തു. പാത്രിയർക്കീസിനെ സന്ദർശിച്ച് വി.തോമ്മാശ്ലീഹായുടെ ഭൗതീകാവശിഷ്ടം മലങ്കരയിൽ കൊണ്ടുവന്നു. ബോംബെയിൽ വച്ച് പോൾ ആറാമൻ മാർപ്പാപ്പയെ സന്ദർശിച്ച് സംഭാഷണങ്ങൾ നടത്തി.1966 ആഗസ്റ്റ് 24 ന് കോലഞ്ചേരിയിൽ വച്ച് ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ്, യൂഹാനോൻ മാർ സേവേറിയോസ്, തോമസ് മാർ തീമോത്തിയോസ് എന്നീ മൂന്നു മെത്രാപ്പോലീത്താമാരെ വാഴിച്ചു. 1967 ഡിസംബർ 21-ന് കോട്ടയം പഴയ സെമിനാരിയിൽ വച്ച് മൂറോൻ കൂദാശ ചെയ്തു. മാർത്തോമ്മായുടെ പൗരോഹിത്യം നിഷേധിക്കുന്ന 1970-ലെ കുപ്രസിദ്ധമായ 203-ാം നമ്പർ കത്തിന് പണ്ഡിതോചിതമായി പ്രതിഷേധക്കത്തയച്ചു. സമീപകാലത്ത് ലോകം കണ്ട ഏറ്റവും മികച്ച സുറിയാനി പണ്ഡിതനാണിദ്ദേഹം. 1975 ഡിസംബർ 8-ന് കാലം ചെയ്തു. ദേവലോകം ചാപ്പലിൽ കബറടക്കി. ●

## പ.മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗ്ഗീസ് പ്രഥമൻ (1870-1928)

വാകത്താനത്ത് കാരുചിറ പുന്നന്റെയും പുതുപള്ളി കുട്ടൻചിറ ഉണിച്ചിയമ്മയുടെയും അഞ്ചാമത്തെ പുത്രനായി 1870 ജനുവരി 11-നു ജനിച്ചു. (1045 ധനു 29). കളപ്പുരയ്ക്കൽ പൌലൂസ് കത്തനാർ. വട്ടശ്ശേരിൽ മല്പാൻ, കോനാട്ട് മാത്തൻ മല്പാൻ എന്നിവരായിരുന്നു ഗുരുനാഥന്മാർ. 1886 ജൂൺ 13-ന് കോറുയോ, 1890 ജൂൺ 1-ന് യൌഫ്പദിയക്കിനോ, 1892 സെപ്റ്റംബർ 18-ന് ശംശാനോ, 1896 ആഗസ്റ്റ് 16-ന് കശ്ശീശാ, 1896 ആഗസ്റ്റ് 23-ന് റമ്പാൻ എന്നീ സ്ഥാനങ്ങൾ കടവിൽ അത്താനാസ്യോസിൽ നിന്നും സ്വീകരിച്ചു. 1908-1910 വരെ ആലുവ തൃക്കുന്നത്തു സെമിനാരി മാനേജർ 1907, 1908 വർഷങ്ങളിൽ കോട്ടയം പഴയസെമിനാരിയിലെ മാർ ത്തോമ്മൻ അച്ചുകൂടത്തിൽ നിന്നും സഭാ പഞ്ചാംഗം പ്രസിദ്ധീകരിച്ചു.

അബ്ദുൽ മശിഹാ പാത്രിയർക്കീസ് 1913 ഫെബ്രുവരി 9-ന് മെത്രാപ്പോലീത്ത ആക്കി. കോട്ടയം-അങ്കമാലി മെത്രാനായി. ആലുവാ തൃക്കുന്നത്തു സെമിനാരി നിർമ്മാണം. പുതുശ്ശേരി എം.ജി.ഡി. സ്കൂൾ, വാകത്താനം എൽ.പി.ബി. സ്കൂൾ, എൽ.പി.ജി സ്കൂൾ, ഇത്തിത്താനം സ്കൂൾ, വള്ളിക്കാട്ട് ദയറാ ചാപ്പൽ പൂർത്തീകരണം എന്നിവ അദ്ദേഹത്തിന്റെ സംഭാവനകളിൽ പ്രധാനപ്പെട്ടതാണ്.

1925 ഏപ്രിൽ 30-ന് നിരണത്ത് വച്ച് ബസ്സേലിയോസ് ഗീവറുഗ്ഗീസ് പ്രഥമൻ എന്ന പേരിൽ കാതോലിക്കാ ആയി. 1925 മെയ് ഒന്നിന് ബഥനിയുടെ മാർ ഈവാനിയോസിനെ മെത്രാപ്പോലീത്തായായി വാഴിച്ചു. പൗരസ്ത്യ കാതോലിക്കാ ആയി വാഴിക്കപ്പെട്ട ശേഷവും കോട്ടയം, അങ്കമാലി ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്താ ആയി തുടർന്നു. കാതോലിക്കേറ്റിന് വ്യക്തമായ ഒരു രൂപഭാവവും സ്ഥാന ചിഹ്നങ്ങളടക്കം രൂപപ്പെടുത്തി. പൗരസ്ത്യ കാതോലിക്കായ്ക്ക് മലങ്കര സഭാ പാരമ്പര്യത്തിലുള്ള പൂർണ്ണ അംശവസ്ത്രം, ഇന്നു പൗരസ്ത്യ കാതോലിക്കായുടെ ഔദ്യോഗിക അംശവടിയായ പാമ്പിൽ തലയില്ലാത്ത ഇരട്ടപ്പത്തി വടി, ചുമന്ന കല്പ്പന മുദ്ര, ചുമന്ന തലക്കെട്ടോടുകൂടിയ കല്പനക്കടലാസ്-ഇങ്ങനെ കാതോലിക്കേറ്റിന്റെ സ്വതന്ത്ര നിലനിൽപ്പും പരമാധികാരവും വ്യക്തമാക്കുന്ന അടിസ്ഥാനവസ്തുക്കൾ ഈ പരിശുദ്ധപിതാവിന്റെ നിർമ്മാണ ചാരുതിക്കു മുമ്പിൽ രൂപം കൊണ്ടു. 1928 ഡിസം. 17-ന് നെയ്യൂർ ആശുപത്രിയിൽ കാലം ചെയ്തു. പിറ്റേന്ന് ആസ്ഥാനമായ വള്ളിക്കാട്ട് ദയറായിൽ കബറടക്കി. ●

# ദാനിയേൽ മാർ പീലക്സിനോസ് (1910-1990)

ഓമല്ലൂർ വടുതല ഈശോ കത്തനാരുടെ പുത്രൻ ജനനം 10-5-1910. തിരുവനന്തപുരം മഹാരാജാസിൽ നിന്ന് ബി.എ. സെറാമ്പൂരിൽനിന്ന് ബി.ഡി ബിരുദങ്ങൾ നേടി. വട്ടശ്ശേരിൽ ദീവന്നാസ്യോസ് കോറുയോ സ്ഥാനം നൽകി. 1938 ഡിസംബർ 11-ന് ഗീവറുഗ്ഗീസ് ദ്വിതിയൻ ശെമ്മാശനാക്കി. 1944 ജൂൺ 9-ന് കശ്ശീശാസ്ഥാനവും നൽകി. 1937 മുതൽ പുത്തൻകാവ് കൊച്ചുതിരു മേനിയുടെ സെക്രട്ടറിയായി. കൈപ്പട്ടൂർ. ഓമല്ലൂർ, മുള്ളനിക്കാട്, മല്ലശ്ശേരി, വാഴമുട്ടം ഈസ്റ്റ്, തുമ്പമൺ ഏറം, കാദീശ്ത്താ, തുമ്പമൺ നോർത്ത്, നരിയാപുരം ഇടവകകളിൽ വികാരി. 1951-ൽ മേല്പട്ട സ്ഥാനത്തേയ്ക്ക് തെരഞ്ഞെടു ക്കപ്പെട്ടു. 1951 സെപ്റ്റംബർ 21-ന് ഗീവറുഗ്ഗീസ് ദ്വിതിയൻ റമ്പാനാക്കി. 1953 മെയ് 15-ന് കോട്ടയം ഏലിയാ കത്തീഡ്രലിൽ വച്ച് മാർ പീലക്സിനോസ് എന്ന പേരിൽ എപ്പിക്കോപ്പാ സ്ഥാനം നൽകി. തുമ്പമൺ സഹായ മെത്രാനായി, 1959 ജൂലൈ 12-ന് കോട്ടയം പഴയസെമിനാരിയിൽ വച്ച് മെത്രാപ്പോലീത്താ ആയി.

കാതോലിക്കേറ്റ് ഹൈസ്കൂൾ അദ്ധ്യാപകൻ, കോളേജിന്റെ സ്ഥാപക പ്രിൻസിപ്പൽ തുമ്പമൺ ഭദ്രാസന സെക്രട്ടറി, കാതോലിക്കായുടെ അസിസ്റ്റന്റ്, കൊച്ചി സഹായ മെത്രാൻ, സിനഡ് സെക്രട്ടറി, വിദ്യാർത്ഥി പ്രസ്ഥാനം - യുവജനപ്രസ്ഥാനം പ്രസിഡന്റ്, എം.ഒ.സി കോളേജ് മാനേജർ, കോർപ്പറേറ്റ് സ്കൂൾ മാനേജർ, ബേസിൽ ദയറാ സുപ്പിരിയർ, റൂൾ കമ്മിറ്റി ചെയർമാൻ തുടങ്ങിയ വിവിധ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്.

1954-ലെ അമേരിക്കയിലെ എവാൻസ്റ്റൺ ലോക ക്രൈസ്തവ സമ്മേളനത്തിലും 1961-ലെ ഗ്രീസ് പാൻ ഓർത്തഡോക്സ് സമ്മേളനത്തിലും 1965-ൽ അഡിസ് അബാബയിൽ നടന്ന ഓറിയന്റൽ ഓർത്തഡോക്സ് കോൺഫ്രൻസിലും 1963-ലെ മോസ്ക്കോ പാത്രിയർക്കേൽ ജൂബിലി സമ്മേളനത്തിലും സഭയെ പ്രതിനിധീകരിച്ചു. ഇംഗ്ലണ്ട്, ഫ്രാൻസ്, സ്വിറ്റ്സർലണ്ട്. ഗ്രീസ്, വിശുദ്ധ നാടുകൾ ഇവ സന്ദർശിച്ചു. തുമ്പമൺ ഭദ്രസനത്തിന്റെ ആധുനിക ശില്പി എന്ന വിശേഷണം അർഹിക്കുന്നു. 1990 ഡിസംബർ 13-ന് കാലം ചെയ്തു. 14-ന് പത്തനംതിട്ട ബേസിൽ ദയറാ ചാപ്പലിൽ കബറടക്കപ്പെട്ടു. മാത്യൂസ് പ്രഥമൻ ബാവായെ കാതോലിക്കാ ആയി വാഴിച്ച ചടങ്ങുകളിൽ പാറേട്ട് മാർ ഈവാനിയോസിനോടൊപ്പം പ്രധാന കാർമ്മികത്വം വഹിച്ചു. ഗ്രീഗോറിയോസ്, ഒസ്താത്തിയോസ്, തേവോദോസ്യോസ്, മക്കാറിയോസ്, പക്കോമിയോസ് ഇവരുടെ മെത്രാൻ വാഴ്ചയ്ക്കു മുമ്പ് അവർക്ക് പുത്തൻകാവിൽ വച്ച് റമ്പാൻ സ്ഥാനം നൽകിയത് ദാനിയേൽ മാർ പീലക്സിനോസ് ആണ്.



**ഭദ്രാസന കൗൺസിലർ ആയി തിരഞ്ഞെടുക്കപ്പെട്ട**
**ശ്രീ. ബിജു ദാനിയേലിന്**
**ദുബായ്, സെന്റ് തോമസ് ഓർത്തഡോക്സ്**
**കത്തീഡ്രലിന്റെ അഭിനന്ദനങ്ങൾ**

# മാത്യൂസ് മാർ ബർന്നബാസ്

പെരുമ്പാവൂർ വെങ്ങോല കല്ലറയ്ക്കപറമ്പിൽ കെ.വി. കോരയുടെ മകൻ. 1924 ഓഗസ്റ്റ് 9-ന് ജനിച്ചു. മദ്രാസ് ക്രിസ്ത്യൻ കോളേജിൽ നിന്ന് ബിരുദവും ഉസ്മാനിയാ യൂണിവേഴ്സിറ്റിയിൽ നിന്ന് മാസ്റ്റർ ബിരുദവും സെറാമ്പൂരിൽ നിന്ന് ബി.ഡി.യും എടുത്തു. 1943-ൽ ശെമ്മാശൻ. 1951-ൽ കശ്ശീശാ.

വൈദിക സെമിനാരിയിൽ അധ്യാപകനും വാർഡനുമായി. 1977 മെയ് 15-ന് മാവേലിക്കര അസോസിയേഷൻ തെരഞ്ഞെടുപ്പിനെ തുടർന്ന് 1978 മെയ് 15-ന് പഴഞ്ഞിയിൽ വെച്ച് മാത്യൂസ് പ്രഥമൻ കാതോലിക്കാ മേല്പട്ടസ്ഥാനം നൽകി. അങ്കമാലിയുടെ അസിസ്റ്റന്റ് ആക്കി. 1981 ഫെബ്രുവരിയിൽ കോട്ടയം പഴയ സെമിനാരിയിൽ വെച്ച് മെത്രാപ്പോലീത്താസ്ഥാനം നൽകി. കോട്ടയം ഭദ്രാസനത്തിന്റെ അസ്സിസ്റ്റന്റ്, ഇടുക്കി ഭദ്രാസനാധിപൻ എന്നീ സ്ഥാനങ്ങൾക്ക് ശേഷം 1992 മുതൽ അമേരിക്കയുടെ ചുമതല വഹിച്ചു. മർത്തമറിയം സമാജം, ബാലികാസമാജം എന്നിവയുടെ പ്രസിഡന്റ്, മലങ്കരസഭ പത്രാധിപ സമിതി പ്രസിഡന്റ്, ദിവ്യബോധനം വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ച ഇദ്ദേഹം കുർബ്ബാനയുടെ വ്യാഖ്യാനം രചിച്ചു. ധ്യാനഗുരു, സംഘാടകൻ, എഴുത്തുകാരൻ എന്നീ നിലകളിൽ പ്രശസ്തൻ.


# തോമ്മാ മാർ ദീവന്നാസ്യോസ് (1887-1972)

മാവേലിക്കര കല്ലുംപുറത്ത് മാത്യുവിന്റെയും ഏലിയാമ്മയുടെയും മകൻ. 1887 ജൂൺ 8-ന് ജനിച്ചു. 1937-ൽ ഓക്സ്ഫോർഡിൽ വേദശാസ്ത്രത്തിൽ ഉപരിപഠനം. 1912 നവംബറിൽ ചെങ്ങന്നൂർ പഴയ സുറിയാനി പള്ളിയിൽ വച്ച് വട്ടശ്ശേരി മെത്രാപ്പോലീത്താ ശെമ്മാശു പട്ടം നൽകി. 1934-ൽ കശ്ശീശാപട്ടം, 1937-ൽ റമ്പാൻ സ്ഥാനം. 1940 മെയ് 6-ന് മാവേലിക്കരയിൽ വച്ച് മേല്പട്ടം, ആലുവാ യു.സി. കോളേജിൽ വച്ച് മെത്രാപ്പോലീത്താ സ്ഥാനം എന്നിവ ഗീവറുഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ നൽകി. 1944-ൽ നിരണത്തിന്റെ ചുമതല നൽകി. പത്തനാപുരം ദയറായും കോൺവന്റും സ്ഥാപിച്ചു. ഹൈസ്ക്കൂളുകൾ, ട്രെയിനിംഗ് കോളേജ്, ആർട്സ് കോളേജ് എന്നിവ സ്ഥാപിച്ചു. മലങ്കരസഭയെ പ്രതിനിധാനം ചെയ്തു എഡിൻബറോ തുടങ്ങിയ സ്ഥലങ്ങളിൽ നടന്ന ലോക ക്രൈസ്തവ കോൺഫറൻസുകളിൽ സംബന്ധിച്ചു. എക്യുമെനിക്കൽ രംഗത്തും വിദേശരാജ്യങ്ങളിലും മലങ്കരസഭയെ പരിചയപ്പെടുത്തുന്നതിൽ അലക്സിയോസ് മാർ തേവോദോസ്യോസിനോടൊപ്പം തോളോടുതോൾ ചേർന്ന് പ്രവർത്തിച്ചു. 1972 ഡിസംബർ 3-ന് കാലം ചെയ്തു. പത്തനാപുരം മൗണ്ട് താബോർ ദയറാ ചാപ്പലിൽ അന്ത്യവിശ്രമം കൊള്ളുന്നു.

## യാക്കോബ് മാർ പോളിക്കാർപ്പോസ് (1921-1986)

കൊച്ചി അയ്യമ്പിള്ളി മഴുവഞ്ചേരി കുടുംബാംഗം. മുളന്തുരുത്തി ചാക്കോ മാത്യുവിന്റെയും അന്നമ്മയുടെയും മകൻ. 1921 ഫെബ്രു. 19-ന് ജനിച്ചു. കുണ്ടറ, തഴക്കര, കാർത്തികപ്പള്ളി, കോട്ടയം എം.ഡി ഹൈസ്ക്കൂളിൽ ഹെഡ്മാസ്റ്ററായി. 1948 ജൂലൈ 3-ന് ഗീവറുഗ്ഗീസ് ദ്വിതീയൻ ബാവാ കശ്ശീശാപട്ടം നൽകി. 1978 മെയ് 15-ന് പഴഞ്ഞിയിൽ വച്ച് മാത്യൂസ് പ്രഥമൻ ബാവ മേലപട്ടസ്ഥാനം നൽകി. യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റായി കൊച്ചി ഭദ്രാസനത്തിലേക്ക് നിയമിക്കപ്പെട്ടു. 1986 ഡിസം. 26-ന് കാലം ചെയ്തു. ഭദ്രാസനാസ്ഥാനമായ കൊരട്ടി സീയോൻ സെമിനാരിയിൽ കബറടക്കപ്പെട്ടു. ●

## മാർ തേവോദോസിയോസ് അവാർഡ് 2015



ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രിലിന്റെ പ്രഥമ വികാരിയും മലങ്കരസഭയിൽ ഉത്തരേന്ത്യൻ മിഷൻ പ്രവർത്തനങ്ങൾക്ക് ത്യാഗോജ്ജ്വലമായ നേതൃത്വം നൽകിയ കൽക്കട്ട ഭദ്രാസനാധിപനും ആയിരുന്ന ഭാഗ്യസ്മരണാർഹനായ അഭി. സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ പാവനസ്മരണാർത്ഥം ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ യുവജന പ്രസ്ഥാനം 2008 മുതൽ സമൂഹത്തിലെ സാമൂഹിക-സേവന-ജീവകാരുണ്യ കർമ്മപഥങ്ങളിൽ നിസ്വാർത്ഥ സേവനം ചെയ്തുവരുന്ന ഏറ്റവും അർഹതപ്പെട്ട വ്യക്തിത്വത്തിന് നൽകിവരുന്ന **മാർ തേവോദോസിയോസ് അവാർഡ്** മലങ്കരസഭയിലെ ഏറ്റവും അർഹതപ്പെട്ട വ്യക്തിത്വത്തിന് നൽകുന്നു. പ്രസ്തുത അവാർഡിന് ഈ വർഷം അർഹനായിരിക്കുന്നത് സഭയുടെ കലഹണ്ടി ബാലഗ്രാം പ്രൊജക്ടിനുവേണ്ടി പ്രവർത്തിക്കുന്ന റവ. ഫാ. ജി. തോമസ്സ്കുട്ടി അച്ചനാണ്. അഭിവന്ദ്യ ഒസ്താസ്തിയോസ് തിരുമേനിയുടെ ശിഷ്യനായ ബഹു. അച്ചൻ 1995 മുതൽ 2003 വരെ യച്ചാരം ബാലഭവനത്തിലും ഇപ്പോൾ ബാലഗ്രാമത്തിലും പ്രവർത്തിക്കുന്നു. ബാലഗ്രാമത്തിലുള്ള 30 കുട്ടികളേയും ട്രൈബൽ ഏരിയായിലുള്ള 79 കുട്ടികളുടേയും പഠനം ബഹു. അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. ട്രൈബൽ ഏരിയായിലുള്ള പെൺകുട്ടികൾക്കു വേണ്ടിയുള്ള തയ്യൽ പഠനം, ഭക്ഷണ-വസ്ത്രവിതരണം, ആതുരസേവനം എന്നിവ ബാലഗ്രാമിൽ അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നു.

പ്രസ്തുത അവാർഡ് ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ ദേവാലയത്തിന്റെ ഇടവക ദിനമായ ഡിസംബർ 25 ന് വൈകിട്ട് അഭി. തേവോദോറോസ് മെത്രാപ്പോലീത്താ തിരുമനസുകൊണ്ട് നൽകപ്പെടുന്നു. ●



# “നീതിമാന്റെ ഓർമ്മ വാഴ്‌വിനായ് തീരട്ടെ”

## സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ – ദുബായ്

### പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ ഓർമ്മപ്പെരുന്നാൾ

കർത്താവിൽ പ്രിയരെ,

നമ്മുടെ ഇടവകയുടെ കാവൽ പിതാവായ പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ ഓർമ്മപ്പെരുന്നാൾ ഇടവകയിൽ ഡിസംബർ 19, 20 തീയതികളിൽ സമുചിതമായി ആചരിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. പരിശുദ്ധന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട് ഏവരും നേർച്ചകാഴ്ചകളോടെ വന്ന് അനുഗ്രഹം പ്രാപിക്കണമെന്ന് താത്പര്യപ്പെടുന്നു.

| വികാരി | സഹ വികാരി | സെക്രട്ടറി |
|---|---|---|
| ഫാ. ഷാജി മാത്യൂസ് | ഫാ. ലെനി ചാക്കോ | തോമസ് ജോസഫ് |

## കാര്യപരിപാടികൾ

**19/12/2015 ശനി**

**06 : 30 PM**
- : സന്ധ്യാ നമസ്ക്കാരം
- : വചന ശുശ്രൂഷ
- : ഭക്തിനിർഭരമായ റാസ
- : ആശിർവാദം

**20/12/2015 ഞായർ**

**06 : 30 PM**
- : സന്ധ്യാ നമസ്ക്കാരം
- : വി. കുർബ്ബാന
- : ആശിർവാദം
- : നേർച്ചവിളമ്പ്

നേർച്ചവിളമ്പിനാവശ്യമായ അപ്പം എല്ലാ ഭവനങ്ങളിൽ നിന്നും കൊണ്ടുവരണമെന്ന് താത്പര്യപ്പെടുന്നു

## ക്രിസ്മസ് കാര്യപരിപാടികൾ

**24/12/2015 വ്യാഴം**

**06 : 30 PM**
- : സന്ധ്യാ നമസ്ക്കാരം
- : യൽദോ പെരുന്നാൾ ശുശ്രൂഷ
- : വി. കുർബ്ബാന

**ക്രിസ്മസ് ദിന** ശുശ്രൂഷകൾക്ക് കൊട്ടാരക്കര - പുനലൂർ ഭദ്രാസനാധിപൻ **അഭിവന്ദ്യ യൂഹാനോൻ മാർ തേവോദോറോസ്** തിരുമേനി പ്രധാന കാർമ്മികത്വം വഹിക്കുന്നു

**25/12/2015 വെള്ളി**

**05 : 30 PM മുതൽ ഇടവകദിന പരിപാടികൾ**

# ഡിസംബർ-പ്രധാന ദിവസങ്ങൾ

1. യൽദോ (ഇരുപത്തഞ്ചു) നോമ്പാരംഭം
3. തോമ്മാ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 43–ാം ഓർമ്മ (പത്തനാപുരം താബോർ ദയറാ)
4. സഹദാ സ്ത്രീകളായ മർത്ത് ബർബാറായുടേയും, മർത്ത് യൂലിയാനയുടേയും ഓർമ്മ
6. മാർ യൂഹാനോൻ മാംദാനയുടെ ജനനത്തിന്റെ ഞായറാഴ്ച (ബാലദിനം)
   മൂറായുടെ എപ്പിസ്ക്കോപ്പായായ നിക്കലാവോസ് എന്ന മാർ സോഖേയുടെ ഓർമ്മ
8. മാർ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായുടെ 40–ാം ഓർമ്മ
   (ദേവലോകം കാതോലിക്കേറ്റ് അരമന)
9. മാത്യൂസ് മാർ ബർന്നാസ് മെത്രാപ്പോലീത്തായുടെ 3–ാം ഓർമ്മ
   (വളയംചിറങ്ങര സെന്റ്. പീറ്റേഴ്സ് & സെ.പോൾസ് പള്ളി)
10. മാർ ബഹനാൻ സഹദായുടെയും, സഹോദരി സാറായുടെയും കൂട്ടു സഹദേന്മാരുടെയും
   മാബൂഗിലെ മാർ പീലക്സീനോസിന്റെയും ഓർമ്മ
13. മാർ യൗസേഫിനുണ്ടായ വെളിപാടിന്റെ ഞായറാഴ്ച
   ദാനിയേൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ 25–ാം ഓർമ്മ (പത്തനംതിട്ട ബേസിൽ അരമന)
17. മാർ ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 87–ാം ഓർമ്മ (വാകത്താനം വള്ളിക്കാട്ടുദയറാ)
18. വി. മാർത്തോമ്മാ ശ്ലീഹാ കുന്തമേറ്റതിന്റെ ഓർമ്മ
20. ജനനപ്പെരുനാളിനു മുൻപുള്ള ഞായറാഴ്ച (വംശാവലി ഞായർ) മാർ ഇഗ്നാത്തിയോസ് നൂറോനോയുടെ ഓർമ്മ
21. വി. മാർത്തോമ്മാ ശ്ലീഹാ രക്തസാക്ഷി മരണം പ്രാപിച്ചതിന്റെ ഓർമ്മ
25. യെൽദോ–ക്രിസ്മസ് (നമ്മുടെ കർത്താവിന്റെ ജനനപ്പെരുനാൾ) ഇരുപത്തഞ്ചു നോമ്പു വീടൽ
26. വി. ദൈവമാതാവിന്റെ പുകഴ്ചപെരുനാൾ
   യാക്കോബ് മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്തായുടെ 29–ാം ഓർമ്മ (കൊരട്ടി സീയോൻ സെമിനാരി)
27. ജനനപെരുനാളിനു ശേഷം ഒന്നാം ഞായറാഴ്ച ശിശുവധപ്പെരുനാൾ, ശിശു സഹദേന്മാരുടെ ഓർമ്മ

## SUNDAY SCHOOL

4th December: Annual O.K.R. Examination for SSFC and 12th Annual Examination for KG-1, KG-2, Grades: 1st to 9th and 11th Publication of Final Results of all classes except 10th & 12th

18th December: Yeldo - 2015

## ST. THOMAS ORTHODOX CHRISTIAN YOUTH MOVEMENT

REGULAR MEETING

02nd December: Inter Prayer Badminton Tournament

26th December: Christmas Celebration@Sonapur Camp

**Divyabodhanam Class** - Every Monday 8 pm to 9.30 pm (To increase general awareness of the Bible, Church History & Basic Believes of the Malankara Orthodox Sabha.)
More Informations Contact: Biju Thankachan - 050-7387846

**OCYM Job Cell** - Highly active Job Cell that matches job seekers with employers from a wide range of sectors.
More Informations Contact: Manoj Thomas - 050-8829454

**Library** - Library opens every Friday after the holy mass. Morethan 10,000 collection of books in various topics. Especially the books available for children. Library membership will be available for all the church members.
Contact Mr. Abraham - 0552956071

Email : ocymdubai@gmail.com Website: www.stthomasocymdubai.org

Job Cell : jobcellocymdubai@gmail.com

## MGOCSM

Regular Meeting

## MOMS

REGULAR MEETING

# 2015 ഇടവകയിൽ നടന്ന വിവിധ പരിപാടികൾ



## HOLY SERVICES, PRAYERS & MEETINGS

| | | |
|---|---|---|
| Fridays | : 06.45 am - 07.25 am | Night Prayer, Morning Prayer |
| | : 08.15 am - 10.30 am | Holy Qurbana |
| Fridays | : 07.00 pm - 07.30 pm | Evening Prayer |
| | : 07.30 pm - 09.00 pm | Holy Qurbana |
| Sundays | : 07.30 pm - 08.00 pm | Evening Prayer |
| | : 08.00 pm - 09.30 pm | Holy Qurbana |
| Tuesdays | : 05.30 am - 07.00 am | Holy Qurbana |
| Wednesdays | : 07.30 pm - 08.30 pm | Evening Prayer & Intercessory Prayer for St. Mary |
| Saturday, Monday, Tuesday | : 07.00 pm - 07.30 pm | Evening Prayer |
| Thursdays | : 07.00 pm - 09.15 pm | Holy Confession, Evening Prayer |
| | | Intercessory prayer to St. Thomas |
| | | Church Prayer Meeting & Choir Practice |
| Marth Mariam Samajam | : 11.00 am - 12.20 pm | All Fridays |
| M.G.O.C.S.M | : 11.00 am - 12.20 pm | All Fridays |
| Youth Movement | : 11.00 am - 12.20 pm | All Fridays |
| Retreat | : 09.00 am - 12.30 pm | Every Month Second Wednesdays |

## New Members Joined In NOVEMBER 2015

| Cardex | Name | Parish |
|---|---|---|
| V-292 | VIBIN MATHEW | KAVIYOOR SLEEBA ORTHODOX CHURCH, THOTTABHAGOM |
| D-080 | DENNY WILSON | ST. MARYS ORTHODOX SYRIAN CHURCH, MUTTOM |
| M-391 | MANOJ ABRAHAM MATHEW | ST. GEORGE ORTHODOX CHURCH, NELLIKUNNAM |
| N-044 | NIKHIL RAJ | ST. GEORGE ORTHODOX CHURCH MAKKULAM, AYOOR |
| J-676 | JICKU GEORGE SHAJI | ST. STEPHENS ORTHODOX CHURCH, MADATHUMBHAGAM |
| R-324 | RAHUL MATHEW | NILACKAL ORTHODOX CHURCH, PUTHUPPALLY |
| N-045 | NEDUMANNIL IDICHERA SAJI | IMMANUEL ORTHODOX VALIYAPALLY, NARIYAPURAM |
| S-636 | SIJU KOSHY JOHN | ST. ELIAS ORTHODOX CHURCH, BUDHANOOR |
| V-291 | VINOD P MATHEW | ST. PETERS AND ST PAULS ORTHODOX CHURCH, CHENNAI |
| B-361 | BIJI E THOMAS | ST. GEORGE ZAHION ORTHODOX CHURCH, KUTTIYANI |
| J-673 | JOHN MATHAI | ST. MARY'S ORTHODOX CATHEDRAL, THUMPAMON |
| I-031 | ISAC EASO PALLIVATHUCKAL | ST. GREGORIOS ORTHODOX VALIYA PALLY, AMBALAMUKKU |
| J-677 | JESS VARGHESE | ST. IGNATIONS ORTHODOX CHURCH, KAIPATTOOR |
| S-637 | SAJU K VARGHESE | ST. JOHNS ORTHODOX CHURCH, MEPRAL |
| S-638 | SUNNY MON VARGHESE | ST. ANTONYS ORTHODOX CHURCH, THANNITHODU |
| D-081 | DENNY VILAYIL BABU | ST. THOMAS ORTHODOX CHURCH, JAIPUR |
| R-326 | ROBIN P MATHEW | ST. THOMAS ORTHODOX CHURCH, VADAKKANMANNOOR |

പ്രാർത്ഥനാ യോഗങ്ങളുടെ ആഭിമുഖ്യത്തിൽ ഡിസംബർ 01 മുതൽ ക്രിസ്മസ് ദൂതുമായി ഇടവകയിലെ ഭവനങ്ങൾ സന്ദർശിക്കുന്നു




Layout & Design - Reji Maramon AL HADYAH-SHJ


## CHURCH OFFICE BEARERS - 2015

| | | | |
|---|---|---|---|
| Rev. Fr. Shaji Mathews | *Vicar & President* | 052 8711031 | Frshajimathews@yahoo.co.in |
| Rev. Fr. Lany Chacko | *Asst. Vicar* | 050 8379905 | Frlanychacko@gmail.com |
| Kuriakose M.M. | *Trustee* | 050 4611948 | kuriakosechennikara@hotmail.com |
| Thomas Joseph | *Secretary* | 050 5537784 | fantasymetals@gmail.com |
| Binu Varghese | *Jt. Trustee* | 050 6749320 | binu1@hotmail.com |
| John P. George | *Jt. Secretary* | 050 6764733 | john_padippuram@yahoo.com |


P.O. Box : 2563, Dubai - UAE Tel : 04-337 1122, Fax : 04-335 2252 Email : stthomas@emirates.net.ae
www.stthomascathedraldubai.org